**ദ്രവ്യം കർമ്മ ച കാലശ്ച സ്വഭാവോ ജീവ ഏവ ച**
**വാസുദേവാത് പരോ ബ്രഹ്മന്നചാന്യോ*f*ർത്ഥോ*f*സ്തിതത്ത്വത: (2-5-14)**
**നാരായണോപരോ യോഗോ നാരായണപരം തപ:**
**നാരായണപരം ജ്ഞാനം നാരായണപരാ ഗതി: (2-5-16)**
**കാര്യകാരണകർത്തൃത്വേ ദ്രവ്യജ്ഞാനക്രിയാശ്രയാ:**
**ബധ്നന്തി നിത്യദാ മുക്തം മായിനം പുരുഷം ഗുണാ: (2-5-19)**

ശുകമുനി പറഞ്ഞു.
നാരദൻ ഇതേ ചോദ്യം ബ്രഹ്മാവിനോടു ചോദിക്കുകയുണ്ടായി. ഉത്തരമായി സൃഷ്ടികർത്താവ് വെളിപ്പെടുത്തിയ സത്യത്തെ ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാം.

നാരദൻ ചോദിച്ചു: "പ്രഭോ, അങ്ങ് തപസ്സും ധ്യാനവും ചെയ്തു എന്നതിൽനിന്നും അങ്ങേക്കുപരിയായി ആരോ ഉണ്ടെന്ന നിഗമനത്തിലാണ് ഞാൻ എത്തിച്ചേർന്നിരിക്കുന്നത്. ആരാണവിടുത്തെ നിലനിർത്തി ഈ സൃഷ്ടികൾക്കുവേണ്ട ഊർജ്ജവും ദ്രവ്യവും പ്രദാനം ചെയ്യുന്നത്?"

ബ്രഹ്മാവു പറഞ്ഞു: മകനേ, നിൻെറ ചോദ്യത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. കാരണം, പരമാത്മാവിനെപ്പറ്റിയോർക്കാനും പറയാനും ദിവ്യമഹിമകൾ വാഴ്ത്താനുമുള്ള അവസരമാണല്ലോ എനിക്കു ലഭിക്കുന്നത്. എല്ലാറ്റിനുമുപരിയായുള്ള ആ നാഥനാണ് ശരിയായ സൃഷ്ടികർത്താവ്. ഞാനല്ലതന്നെ. വിഡ്ഢികളാണ് എന്നെ സൃഷ്ടാവെന്നു കരുതുന്നത്. അവരാണ് ശരീരത്തെ ആത്മാവെന്നുകരുതി ശരീരോപാധികളെ സ്വന്തമെന്നു വിശ്വസിക്കുന്നത്. സത്യംപറഞ്ഞാൽ ശ്രീകൃഷ്ണഭഗവാനല്ലാതെ ഒന്നുമില്ല. ആ നാഥൻ മാത്രമേയുള്ളൂ. യാതൊരു ദ്രവ്യവും വസ്തുവും പ്രവർത്തനവും കാലവും പ്രകൃതിയും ജീവികളും ഇല്ലതന്നെ. ആ നാഥൻ മാത്രമേയുള്ളൂ. യോഗധ്യാനങ്ങളുടെ ലക്ഷ്യം നാരായണനത്രെ. തപസ്സും വിജ്ഞാനയോഗങ്ങളും അതേ നാരായണനെത്തേടിത്തന്നെ. ഒരുവൻെറ വിധിനിയോഗവും അന്തിമമായി അവിടെത്തന്നെ. നാരായണനാകട്ടെ മൂന്നുഗുണങ്ങൾക്കുമതീതനാണ് (പവിത്രത അല്ലെങ്കിൽ സത്വഗുണം, പ്രവർത്തനപരത അല്ലെങ്കിൽ രജോഗുണം, നിഷ്ക്രിയത്വം അല്ലെങ്കിൽ തമോഗുണം). വ്യക്തിപരമായി ആത്മാവിനെ ഈ ഗുണങ്ങൾ ബന്ധിപ്പിക്കുന്നു. അന്തിമവിശകലനത്തിൽ, പരിപൂർണ്ണ സ്വതന്ത്രനെങ്കിൽകൂടി, കർമ്മം, കർമ്മോപകരണങ്ങൾ, 'ഞാൻ ചെയ്യുന്നു' എന്ന അഭിമാനം, എന്നീ മൂന്നുപാധികൾ, ദ്രവ്യം, ബുദ്ധി, കർമ്മങ്ങൾ ഇവയോടുചേർന്ന് മായയാൽ ആത്മാവിനെ ബന്ധിക്കുന്നതായി അനുഭവപ്പെടുന്നു.

ഭഗവാൻ സൃഷ്ടിക്കായി തീരുമാനിച്ചപ്പോൾ സ്വമായയാൽ തന്നിൽ ലീനമായിരുന്ന കാലത്തേയും കർമ്മങ്ങളേയും പ്രകൃതിയേയുമുണർത്തി. കാലം പ്രകൃതിയുടെ സംതുലനത്തെ ഇളക്കിമറിച്ചു. അങ്ങിനെ പ്രകൃതിഗുണങ്ങളുണ്ടായി (സത്വരജസ്തമോഗുണങ്ങൾ). കർമ്മത്തിൽ നിന്നും വിശ്വബുദ്ധി (മഹത്) ഉത്ഭവിച്ചു. മഹത്തിൽ നിന്നും ദ്രവ്യവും ജനനവും പ്രവർത്തനവും താമസപരിവർത്തനങ്ങളിലൂടെ ഉണ്ടായി. ഇത് അഹങ്കാരമാണ്. വീണ്ടും മൂന്ന് വിധത്തിൽ ഇതു പ്രകടമായി. താമസാഹങ്കാരത്തിൽ നിന്നു പഞ്ചഭൂതങ്ങളും (ആകാശം, വായു, അഗ്നി, വെള്ളം, ഭൂമി) അവയുടെ ഗുണങ്ങളായ ശബ്ദം, സ്പർശനം, കാഴ്ച, സ്വാദ്, ഗന്ധം ഇവയും ഉണ്ടായി. പിന്നീടുണ്ടായ ഓരോദ്രവ്യങ്ങളും അതാതിൻെറ മൂലഭൂതങ്ങളുടെ ഗുണഗണങ്ങൾ സ്വീകരിച്ചു. സാത്വികാഹങ്കാരത്തിൽ നിന്നും മനസ്സുൽഭവിച്ചു. ഓരോ ജ്ഞാന-കർമ്മേന്ദ്രിയങ്ങളുടേയും അധിദേവതകൾ ഇതിൽനിന്നുണ്ടായി. രാജസാഹങ്കാരത്തിൽ നിന്നും അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളുമുണ്ടായി. ബുദ്ധിയും പ്രാണവായുവും രാജസാഹങ്കാരത്തിൽ നിന്നുതന്നെയാണുണ്ടായത്. കാരണസമുദ്രത്തിൽ ഒരു അണ്ഠകാഹമായി ഏറെക്കാലമിവയെല്ലാം ഒത്തുചേർന്നു കിടന്നു. വിശ്വപുരുഷൻ ഈ അണ്ഠം പൊട്ടിച്ച് പുറത്ത്കടന്നു. ലോകങ്ങളും അതിലെ ജീവികളത്രയും ആ വിശ്വരൂപത്തിൻെറ അവയവങ്ങളത്രെ. ഈ വിശ്വം മുഴുവൻ ആ ഭഗവാനത്രെ. !